സ.ഉ.(അച്ചടി) നം.10/2024/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - 44- ാമത് അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവം - പാലക്കാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(അച്ചടി) നം.10/2024/LSGD തീയതി,തിരുവനന്തപുരം, 22-01-2024

പരാമർശം:- 44- ാമത് അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവ ജനറൽ കൺവീനർ, സമർപ്പിച്ച 22.11.2023 തീയതിയിലെ അപേക്ഷ.

ഉത്തരവ്

പാലക്കാട് ജില്ലയിലെ ചിറ്റൂർ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ വച്ച് 2024 ജനുവരി 4,5,6 തീയതികളിൽ നടത്തുന്ന 44- ാമത് അഖിലകേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവത്തിന് ഏകദേശം 27 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും ആയതിലേയ്ക്ക് 2 ലക്ഷം രൂപ സർക്കാർ വിഹിതമായും 5 ലക്ഷം രൂപ വിദ്യാർത്ഥികളുടെ വിഹിതമായും ലഭിക്കുന്നതാണെന്നും ബാക്കി 20 ലക്ഷം രൂപ ഈ ആവശ്യത്തിന് കണ്ടെത്തേണ്ടതുണ്ടെന്നും ഗ്രാമീണ മേഖലയായ ചിറ്റൂരിൽ നിന്നും ഇത്രയധികം തുക കണ്ടെത്തുകയെന്നത് ശ്രമകരമായ ദൗത്യമാണെന്നും ഈ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുവദനീയമായ പരമാവധി തുക ഈ ആവശ്യത്തിന് ഗ്രാന്റായി ലഭ്യമാക്കണമെന്നും കലോത്സവം ജനറൽ കൺവീനർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.2023-24 അദ്ധ്യയന വർഷത്തെ 44- ാമത് അഖിലകേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവത്തിന് പാലക്കാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പാലക്കാട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ-10,000/രൂപ വരെ

ബ്ലോക്ക് പഞ്ചായത്തുകൾ- 10,000/- രൂപ വരെ

ജില്ലാ പഞ്ചായത്ത് -20,000/-രൂപ വരെ

നഗരസഭകൾ - 15,000/- രൂപ വരെ

3. ധനസഹായം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഘാടക സമിതി കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SNEHALATHA K

ഡെപ്യൂട്ടി സെക്രട്ടറി

സ.ഉ.(അച്ചടി) നം.10/2024/LSGD

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 22-01-2024 14:26:29

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്,
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.